**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1451** **18-01-2021 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികളുടെ സുരക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി .എസ്. ശിവകുമാർ | | Smt. J. Mercykutty Amma<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) | |
| (എ) | അപകടം നിറഞ്ഞ സാഹചര്യത്തിൽ മത്സ്യബന്ധനം നടത്തുന്ന തൊഴിലാളികൾക്ക് സുരക്ഷ ഉറപ്പാക്കുന്നതിന് കടൽ സുരക്ഷ പാക്കേജിന് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഇല്ല. എന്നാൽ ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മത്സ്യബന്ധനം നടത്തുന്ന മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷ ഉറപ്പാക്കുന്നതിനായി നൂതന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) | ഓഖി പുനരധിവാസ പാക്കേജിൽ ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി എന്തൊക്കെ കാര്യങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത്; | (ബി) | അനുബന്ധം 1 ആയി ചേർക്കുന്നു. |
| (സി) | മത്സ്യത്തൊഴിലാളികൾക്ക് യഥാസമയം വിവരങ്ങൾ കൈമാറുവാൻ സാറ്റലൈറ്റ് ഫോൺ, നാവിക് എന്നിവ ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) | ഉണ്ട്. വിശദാംശം അനുബന്ധം 2 ആയി ചേർക്കുന്നു. |
| (ഡി) | മത്സ്യത്തൊഴിലാളികളുടെ രക്ഷാപ്രവർത്തനത്തിനായി മറൈൻ ആംബുലൻസുകൾ പ്രവർത്തനക്ഷമമാക്കിയിട്ടുണ്ടോ; എങ്കിൽ മറൈൻ ആംബുലൻസുകളുടെ സേവനം എവിടെയൊക്കെയാണ് ലഭ്യമാക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ? | (ഡി) | ഓഖി പോലെയുള്ള അടിയന്തിര സാഹചര്യങ്ങളിൽ രക്ഷാ പ്രവർത്തനങ്ങൾ നടത്തി കടലിൽ അകപ്പെടുന്നവരുടെ ജീവൻ രക്ഷിക്കുക എന്ന ലക്ഷ്യത്തോടെ 18.24 കോടി രൂപ ചെലവിട്ട് 3 മറൈൻ ആംബുലൻസുകൾ കൊച്ചിൻ ഷിപ്പ്.യാർഡ് മുഖേന നിർമ്മിക്കുന്നതിന് ധാരണയാകുകയും ആയതിൽ ആദ്യത്തെ ആംബുലൻസായ പ്രതീക്ഷ കമ്മീഷൻ ചെയ്തു. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകൾ കേന്ദ്രീകരിച്ചാണ് മറൈൻ ആംബുലൻസുകൾ പ്രവർത്തിക്കുന്നത്. |

സെക്ഷൻ ഓഫീസർ